(7) കടുങ്ങല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് .. 1
(8) കോതമംഗലം സർവ്വീസ് സഹകരണ ബാങ്ക് .. 1
(9) കാർത്തേടം മരണാവശ്യ സഹകരണ സംഘം .. 1
(10) കീരംപാറ സർവ്വീസ് സഹകരണ ബാങ്ക് .. 1
(11) ആനിക്കാട് സർവ്വീസ് സഹകരണ ബാങ്ക് .. 1
(12) ചെങ്ങമനാട് സർവ്വീസ് സഹകരണ ബാങ്ക് .. 1
(13) ആമ്പല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് .. 1
(14) ഓച്ചൻതുരുത്ത് സർവ്വീസ് സഹകരണ ബാങ്ക് .. 1

(സി) ചുവടെ ചേർക്കുന്ന സംഘങ്ങളുടെ അപേക്ഷകളിൽ തീരുമാനം എടുത്തിട്ടില്ല.

സംഘത്തിന്റെ പേര്	കാരണം
1. കുറ്റിലഞ്ഞി എസ്. സി. ബി.	1. ചെറുവട്ടൂർ റൂറൽ ബാങ്കിന്റെ പരാതി ലഭിച്ചതിനാൽ അനുവാദം നൽകിയിട്ടില്ല.
2. കിഴക്കുംപാലം എസ്. സി. ബി.	2. നഷ്ടത്തിൽ പ്രവർത്തിക്കുന്നു.
3. പായിപ്ര എസ്. സി. ബി.	3. മറ്റ് സംഘങ്ങളുടെ പരാതി ലഭിച്ചിട്ടുണ്ട്.
4. വെളിയത്തുനാട് എസ്. സി. ബി.	4. അപേക്ഷ പരിശോധിച്ചു വരുന്നു.
5. വാരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക്	5. അപേക്ഷ പരിശോധിച്ചു വരുന്നു.

(ഡി) സഹകരണ സംഘം രജിസ്ട്രാറുടെ 17/81 നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്ന സംഘങ്ങളും ജോയിന്റ് രജിസ്ട്രാറുടെ സർവ്വെ റിപ്പോർട്ട് പ്രകാരം ശാഖയ്ക്ക് പ്രവർത്തന ക്ഷമത ഉണ്ടെന്ന് ബോദ്ധ്യപ്പെടുകയും ചെയ്യുന്ന പക്ഷം ശാഖകൾ അനുവദിക്കാറുണ്ട്.

(ഇ) നടപടികൾ സ്വീകരിക്കുന്നതാണ്.

ഭൂവികസന ബാങ്കുകൾ താലൂക്ക് അടിസ്ഥാനത്തിൽ രൂപീകരിക്കാൻ നടപടി

168 [767] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള ഭൂവികസന ബാങ്കുകൾ വിഭജിച്ചുകൊണ്ട് താലൂക്കടിസ്ഥാനത്തിൽ രൂപീകരിക്കുവാനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടംവരെയായി എന്നു വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം ഭൂവികസന ബാങ്കുകളാണ് ഇതിനകം വിഭജിക്കപ്പെട്ടിട്ടുള്ളത് ;

(സി) വിഭജിക്കപ്പെടാൻ സാദ്ധ്യതയുള്ള സ്ഥാപനങ്ങളിൽ പുതിയ നിയമനങ്ങൾ നടത്തുവാൻ നടക്കുന്ന ശ്രമങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതിന് അനുമതി നൽകാതിരിക്കാൻ ഗവൺമെന്റ് വേണ്ട നടപടിയെടുക്കുമോ ;

(ഇ) ഭൂവികസന ബാങ്കുകളുടെ ആസ്തി നിർണ്ണയിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ എന്തു നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഒരു താലൂക്കിൽ ഒരു കാർഷികവികസന ബാങ്ക് എന്ന ആശയ പ്രകാരം സംസ്ഥാനത്ത് 17 പ്രാഥമിക കാർഷിക വികസന ബാങ്കുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. എന്നാൽ പുതിയ ബാങ്കുകൾ പ്രവർത്തിക്കുന്നതിനു മുമ്പ് ഗവൺമെന്റ് നയരൂപീകരണം നടത്തി തീരുമാനിക്കണമെന്ന ബഹു. ഹൈക്കോടതിയുടെ വിധിപ്രകാരം 6 (ആറ്) കാർഷിക വികസന ബാങ്കുകൾ നിലനിർത്താനും ബാക്കിയുള്ളവ പ്രവർത്തിക്കേണ്ടതില്ലെന്നും തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ആസ്തി ബാദ്ധ്യതകൾ വിഭജിച്ചു നൽകുന്നതിനെതിരെ ചില കാർഷിക വികസന ബാങ്കുകൾ ഹൈക്കോടതിയിൽ കേസ്സ് ഫയൽ ചെയ്തിരിക്കുന്നതിനാൽ ടി ബാങ്കുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. എന്നാൽ രണ്ട് ബാങ്കുകളുടെ പ്രവർത്തനം ഭാഗീകമായി ആരംഭിച്ചിട്ടുണ്ട്.

(ബി) ഒരു ബാങ്കിന്റെയും ആസ്തി ബാധ്യതകൾ വിഭജിക്കപ്പെട്ടിട്ടില്ല.

(സി) ഇല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടാൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) ആസ്തി ബാധ്യതകൾ നിർണ്ണയിക്കുന്നതിന് സംസ്ഥാന ബാങ്കിൽ പുതിയതായി അഫിലിയേറ്റു ചെയ്ത കാർഷിക വികസന ബാങ്കുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ആസ്തി ബാധ്യതകൾ നിർണ്ണയിക്കുന്നതിനുംവേണ്ടി സഹകരണ സംഘം രജിസ്ട്രാർ ബന്ധപ്പെട്ട ബാങ്കുകളുടെ യോഗം വിളിച്ചു ചേർക്കുകയും സ്കീം തയ്യാറാക്കി ജോയിന്റ് രജിസ്ട്രാർമാർക്ക് സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ലഭിച്ചുകഴിഞ്ഞ സ്കീമുകൾ ജോയിന്റ് രജിസ്ട്രാർമാരുടെ പരിശോധനയിലാണ്.

സഹകരണ ബാങ്കുകളിൽ ക്ഷേമനിധി നടപ്പിലാക്കാൻ നടപടി

169 [768] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളിൽ ജോലി ചെയ്യുന്ന കളക്ഷൻ ഏജന്റുമാർക്കുള്ള ക്ഷേമനിധി കാസർഗോഡ് ജില്ലയിലെ നിരവധി സഹകരണ ബാങ്കുകളിൽ നടപ്പിലാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly